"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- കണ്ണൂർ ജില്ല- കുറ്റ്യാട്ടൂർ ഗ്രാമപഞ്ചായത്ത് - രാധാകൃഷ്ണ എ. യു. പി സ്കൂളിൽ നിലവിലുള്ള കെട്ടിടത്തിന് മുകളിൽ ഒരു നില കൂടി പണിയുന്നതിന് - കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ -2019 ചട്ടം 3(4) പ്രകാരം ഇളവ് അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ആർബി) വകുപ്പ്**

G.O.(Rt) No.1862/2023/LSGD തീയതി,തിരുവനന്തപുരം, 20-09-2023

---

പരാമർശം:-

1. രാധാകൃഷണ.എ.യു.പി സ്കൂൾ മാനേജർ ശ്രീമതി രമാഭായി.പി സമർപ്പിച്ച 17.01.2023 ലെ അപേക്ഷ
2. കുറ്റ്യാട്ടൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 16.04.2023 ലെ 401051/BPED01/GA/2022/2244 നമ്പർ കത്ത്
3. കണ്ണൂർ ജില്ലാ ടൗൺപ്ലാനറുടെ 03.07.2023 ലെ LSGD/JD/KNR/877/2023/PLG-3 നമ്പർ കത്ത്
4. ചീഫ് ടൗൺപ്ലാനറുടെ 15.07.2023 ലെ LSGD/PD/17492/2023-TCPA4 നമ്പർ കത്ത്

**ഉത്തരവ്**

കണ്ണൂർ ജില്ലയിൽ കുറ്റ്യാട്ടൂർ ഗ്രാമപഞ്ചായത്തിൽ രാധാകൃഷ്ണ.എ.യു.പി സ്കൂളിൽ നിലവിലുള്ള കെട്ടിടത്തിന് മുകളിൽ പുതുതായി പണിയുന്ന ഒരു നില കെട്ടിടത്തിന് കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ -2019 ചട്ടം 3(4) പ്രകാരം ഇളവ് അനുവദിക്കുന്നത് സംബന്ധിച്ച് രാധാകൃഷ്ണ എ. യു. പി സ്കൂൾ മാനേജർ ശ്രീമതി രമാഭായി.പി. പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. കുറ്റ്യാട്ടൂർ ഗ്രാമപഞ്ചായത്തിൽ റീസർവ്വേ നമ്പർ 37/2007 ൽ സ്ഥിതിചെയ്യുന്ന 2388 ച.മീ വിസ്തീർണ്ണമുള്ള പ്ലോട്ടിൽ നിലവിലുള്ള വിദ്യാഭാസ കെട്ടിടത്തോട് കൂട്ടിചേർത്ത് ഒരു നിലയും സ്റ്റെയർ റൂമും ഉൾപ്പെടുന്ന നിർമ്മാണത്തിന് ജില്ലാ ടൗൺ പ്ലാനറുടെ layout അംഗീകാരം ലഭ്യമാക്കുന്നതിലേക്കായി, ടി നിർമ്മാണത്തിന് കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ -2019 ചട്ടം 26(5) ന്റെ (കെട്ടിടങ്ങൾ തമ്മിലുള്ള അകലം) ലംഘനം ഉള്ളതിനാൽ, സർക്കാരിൽ നിന്നും ചട്ടം 3(4) പ്രകാരമുള്ള ഇളവ് ലഭ്യമാക്കുന്നതിലേക്കാണ് ടി അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. ഇക്കാര്യത്തിൽ സ്കൂൾ മാനേജർ കുറ്റ്യാട്ടൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി മുൻപാകെ സമർപ്പിച്ച അപേക്ഷ ശിപാർശ സഹിതം ചീഫ് ടൗൺ പ്ലാനർ പരാമർശം (3) പ്രകാരം ലഭ്യമാക്കിയിട്ടുമുണ്ട്.

2) കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ -2019 ചട്ടം 26(5) പ്രകാരം, 10 മീറ്ററിലധികം ഉയരമുള്ള ക്രമവൽക്കരിക്കേണ്ടതായ സ്കൂൾ കെട്ടിടവും തൊട്ടടുത്തുള്ള കെട്ടിടങ്ങളും തമ്മിൽ ചുരുങ്ങിയത് 3.00 മീറ്റർ അകലം പാലിക്കേണ്ടതുണ്ട്. നിർദിഷ്ട കെട്ടിടവും തെക്ക് ഭാഗത്തുള്ള സ്കൂൾ കെട്ടിടവുമായി 2.40 മീറ്റർ അകലവും ഷെഡ് കെട്ടിടവും തമ്മിൽ 2.35 മീറ്റർ അകലവും, urinal block മായി 1.85 മീറ്റർ അകലവും ആണ് പാലിക്കുന്നത്. ആയതിലാണ് ഇളവ് നൽകേണ്ടത്.

3) സമീപ പ്രദേശത്തെ നിരവധി വിദ്യാർത്ഥികൾ ആശ്രയിക്കുന്ന പൊതു വിദ്യാഭ്യാസ കെട്ടിടമാണ് പ്രസ്തുത സ്കൂൾ എന്നത് പരിഗണിച്ച് കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ -2019 ചട്ടം 3(4) പ്രകാരം കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ -2019 ചട്ടം 26 (5)-ന് ചുവടെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി ഇളവ് അനുവദിക്കാമെന്ന് ചീഫ് ടൗൺപ്ലാനർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

1.1994 ലെ പഞ്ചായത്ത് രാജ് ആക്ടിലെ വ്യവസ്ഥകൾ പാലിച്ചിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പുവരുത്തണം.

2.പ്രസ്തുത കെട്ടിടം ഒഴികെ പ്ലോട്ടിൽ നിലവിലുള്ള കെട്ടിടങ്ങൾ എല്ലാം അംഗീകൃതമാണെന്ന് സെക്രട്ടറി ഉറപ്പ് വരുത്തണം.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കുറ്റ്യാട്ടൂർ ഗ്രാമപഞ്ചായത്തിൽ റീസർവ്വേ നമ്പർ 37/2007 ൽ സ്ഥിതിചെയ്യുന്ന 2388 ച.മീ. വിസ്തീർണ്ണമുള്ള പ്ലോട്ടിൽ നിലവിലുള്ള വിദ്യാഭ്യാസ കെട്ടിടത്തോട് കൂട്ടിചേർത്ത് ഒരു നിലയും സ്റ്റെയർ റൂമും ഉൾപ്പെടുന്ന നിർമ്മാണത്തിന്, സമീപ പ്രദേശത്തെ നിരവധി വിദ്യാർത്ഥികൾ ആശ്രയിക്കുന്ന പൊതു വിദ്യാഭ്യാസ സ്ഥാപനമാണ് പ്രസ്തുത സ്കൂൾ എന്നത് പരിഗണിച്ച്, ചീഫ് ടൗൺപ്ലാനറുടെ പരാമർശം (4) ലെ ശിപാർശയുടെ അടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ നിബന്ധനകൾക്ക് വിധേയമായി കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ-2019 ചട്ടം 3(4) പ്രകാരം, കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ -2019 ചട്ടം 26 (5)-ന് ഇളവ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
H MUHAMMED FAISAL
DEPUTY SECRETARY

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
ചീഫ് ടൗൺപ്ലാനർ, തിരുവനന്തപുരം
ജില്ലാ ടൗൺപ്ലാനർ, കണ്ണൂർ
സെക്രട്ടറി, കുറ്റ്യാട്ടൂർ ഗ്രാമപഞ്ചായത്ത്, കണ്ണൂർ
ശ്രീമതി രമാഭായി .പി, മാനേജർ, രാധാകൃഷ്ണ എ യു പി സ്കൂൾ, കുറ്റ്യാട്ടൂർ

G.O.(Rt)No.1862/2023/LSGD

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ& ഇ/ ആഡിറ്റ്) കേരള, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (പ്രസിദ്ധീകരണത്തിനായി)

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Suja S K
Date: 23-09-2023 12:17:20

സെക്ഷൻ ഓഫീസർ